**30.04.2019 തീയതി രാവിലെ 11.30 ന് ഐ.ക്യൂ.എ.സി. ഓഫീസിൽ കൂടിയ അക്കാദമിക്**

**ഓഡിറ്റ് കമ്മിറ്റിയുടെ യോഗ നടപടിക്രമം.**

**പങ്കെടുത്തവർ:**

1. ഡോ. സാജു ടി.എസ്., ഡയറക്ടർ, ഐ.ക്യൂ.എ.സി. - ഒപ്പ്
2. ഡോ. യമുന കെ, നാക് കോ-ഓർഡിനേറ്റർ - ഒപ്പ്
3. ഡോ.വി.ആർ.മുരളീധരൻ, പ്രൊഫസർ, സാഹിത്യ വിഭാഗം- ഒപ്പ്
4. ഡോ.വി.ജി.ഗോപാലകൃഷ്ണൻ, പ്രൊഫസർ & കോ-ഓർഡിനേറ്റർ, ട്രാൻസ്‌ലേഷൻ സ്റ്റഡീസ് - ഒപ്പ്
5. ഡോ.ജോസ് ആന്റണി, അസോ. പ്രൊഫസർ, സോഷ്യൽവർക്ക് വിഭാഗം - ഒപ്പ്

യോഗം രാവിലെ 11.30 ന് ആരംഭിച്ചു. ഡോ. സാജു ടി.എസ്. അംഗങ്ങളെ സ്വാഗതം ചെയ്തു. നാക്ക് അക്രഡിറ്റേഷന്റെ മുന്നോടിയായി എല്ലാ വകുപ്പുകളിലും അക്കാദമിക് ഓഡിറ്റ് നടത്തണമെന്ന് യോഗം വിലയിരുത്തി. ചർച്ചയുടെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ.

1. 2019 മെയ് മാസം തന്നെ എല്ലാ വകുപ്പുകളിലും, പഠനകേന്ദ്രങ്ങളിലും അക്കാദമിക് ഓഡിറ്റ് നടത്തുക.
2. ആയതിന്റെ നടത്തിപ്പിന് Peer Team Methodology മാതൃക തിരഞ്ഞെടുക്കുക. ഓരോ ടീമിനും 3 അംഗങ്ങൾ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുക. കമ്മിറ്റിയുടെ ഘടന ഉപ്രകാരമാകുന്നത് ഉചിതം.
   a. അതാതു വിഷയത്തിൽ പ്രാവീണ്യമുള്ള എക്സ്റ്റേണൽ എക്സ്പേർട്ട്
   b. അടുത്തിടെ നാക് അക്രഡിറ്റേഷൻ ലഭ്യമായ കോളേജ്/സർവകലാശാലയിൽ നിന്നുള്ള എക്സ്പേർട്ട്.
   c. സർവകലാശാല നാക് കമ്മിറ്റിയിൽനിന്നും ഒരംഗം.
3. ഓഡിറ്റിംഗിനു മുൻപായി നാക് പ്രസിദ്ധീകരിച്ചിട്ടുള്ള നിശ്ചിത ഫോർമാറ്റിൽ ഓരോ വകുപ്പുകളും 2014 ഒക്ടോബർ മുതൽ 2019 മെയ് വരെയുള്ള വിവരങ്ങൾ തെളിവ് സഹിതം പൂരിപ്പിച്ചു വെയ്ക്കുക.
4. സമയപരിധിക്കുള്ളിൽ ഓഡിറ്റിംഗ് പൂർത്തിയാക്കുവാൻ 2 അല്ലെങ്കിൽ 3 Peer Team രൂപീകരിച്ച് ഒരേ സമയം വിവിധ വകുപ്പുകൾ ഓഡിറ്റിംഗിന് വിധേയമാക്കുക.
5. ഓഡിറ്റിംഗിനു ശേഷം ഒരോ NAAC Peer Team സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കി സർവകലാശാലയ്ക്ക് സമർപ്പിക്കുക.
6. വിവിധ വകുപ്പു മേധാവികളുടെ പക്കൽനിന്നും 2 എക്സ്റ്റേണൽ എക്സ്പേർട്ടിന്റെ അനുവാദത്തോടുകൂടി, പേര് നിർദ്ദേശിക്കാനും ഓഡിറ്റിംഗ് നടത്തേണ്ട തീയതി ശിപാർശ ചെയ്യാനും അഭ്യർത്ഥിക്കുക.

യോഗം 12.20 ന് അവസാനിച്ചു.

ഡോ.സാജു ടി.എസ്.
ഡയറക്ടർ, ഐ.ക്യൂ.എ.സി.